# നദി നീണ്ടൊഴുകുന്നു പിന്നെയും



നദി നീണ്ടൊഴുകുന്നു
പിന്നെയും; അഗാധമാം
ചുഴിയിൽ, ക്കയങ്ങളിൽ
നോക്കി ഞാനിരിക്കുന്നു.

മർത്യനെ ക്കാട്ടാളനായ് മാറ്റിയ ചരിത്രത്തിൻ
ചെന്നിണം നിറം പിടിപ്പിച്ചതീ മണൽപ്പുറം.

ജപമാലയുമായി, നഗ്നതാണ്ഡവമാടി
മതവൈരവുമായി നിൽക്കുകയല്ലോ നമ്മൾ.

ഇവിടെ, ക്കഴുത്തറ്റു വീണുപോൽ പ്രവാചകർ
ഇവിടെ ക്കുരിശിൻമേൽ തൂങ്ങിപോൽ ജീസസ്സുമാർ.

വേണുഗാനത്തിൻ ലോലനാദധാരകൾ കേട്ട
യാദവ വിഹാരങ്ങൾ മാറാല മൂടിക്കെട്ടി.

ഹിന്ദുവും മുസൽമാനും കത്തിയാൽ തമ്മിൽക്കുത്തി–
അങ്ങിനെ നിറം പകർന്നൊഴുകി യമുനകൾ.

നദി നീണ്ടൊഴുകട്ടെ പിന്നെയും; കാലത്തിൻെറ
ഗതിയിൽ ത്തലപൊക്കുമോളങ്ങളൊന്നാകട്ടെ.

ചുഴിയിൽ, ക്കയങ്ങളിൽ ചാടുവാനല്ലല്ലോ നാം
കഴിവും കരുത്തുമാർജ്ജിച്ചതീ യുഗങ്ങളിൽ. ■